COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION—1120

**Friday, *the* *10th August 1945*
*26th Karkadagam 1120***

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble President (Sir George Boag, K. C. I. E., C. S. I.), in the Chair.
Mr. Thattil Kochuvareed was absent

QUESTIONS AND ANSWERS

PAPER MANUFACTURE—COTTAGE INDUSTRY

ക ന്നു വ. മിസ്റ്റർ പി. മാണി:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടിൽനിന്നു ദയവായി മറുപടിപറയുമോ.—

(എ) കടിൽ വ്യവസായമായി കടലാസ്സു് നിർമ്മിക്കുന്നതിനു ഗവർമ്മേണ്ടിൽനിന്നും ഒരു വിദഗ്ധനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്നാണു്;

(സി) ഇതുവരെ അദ്ദേഹം എത്ര കടലാസ്സു് നിർമ്മിച്ചു;

(ഡി) ഈ പദ്ധതിക്കു ഇതുവരെ എന്തു ചിലവായി;

(ഇ) ഈ ജോലിയിൽ അദ്ദേഹത്തിനുള്ള പ്രത്യേക പരിശീലനം എന്തു്;

(എഫ്) ഇതിനുമുമ്പു് ഇദ്ദേഹത്തിന്റെ ജോലി എന്തായിരുന്നു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടായിരുന്നു.

(ബി) ക ക ക്വ മകരം ക-ാംനു.

(സി) ക ൦ ൦ റീംസ്.

(ഡി) ക. ൭,നു ക നു—ക ൦—നു.

(ഇ) അദ്ദേഹം സ്വന്തമായി ഇതു പരിശീലിച്ചു വന്നിരുന്നു.

(എഫ്) അഞ്ചൽ മാസ്റ്റർ ആയിരുന്നു.

മിസ്റ്റർ പി. മാണി: ക ൦ ൦ റീംസ് ഉണ്ടാക്കുന്നതിന്നാണോ ൭,നു ക നുക. ക൦ണ.ുപൈ. ചിലവു വന്നിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: മെഷിനറി തുടങ്ങിയുള്ള എല്ലാംകൂടി ഉൾപ്പെടെയുള്ള ചിലവാണു്.

മിസ്റ്റർ പി. മാണി: മെഷിനറി ഇപ്പോൾ അവിടെയുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: മെഷിനറിക്കു് ആകെ എന്തു ചിലവായിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ക, ൪ ൦ ൦ ക.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ക ക്വ മകരം ക-ാംനു ഈ അഞ്ചൽമാസ്റ്ററെ ജോലിക്കുവെച്ച അവസരത്തിൽ കടലാസ്സു് നിർമ്മാണത്തിനു് വേറെ വിദഗ്ധന്മാരുണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വേറെ ആരും ഉണ്ടായിരുന്നില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: ഇതിനുമുമ്പു് കടലാസു് നിർമ്മാണത്തിനു് വിദഗ്ധന്മാരായി വേറെ ആരെങ്കിലുമുണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വേറെ ആരും ഉണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ചേർപ്പ് ഗ്രാമോദ്ധാരണകേന്ദ്രത്തിലുണ്ടായിരുന്ന വിദഗ്ദ്ധനെ വേറെ ജോലിക്കു വെച്ചുകഴിഞ്ഞുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു ചുരുങ്ങിയ സ്റ്റേയിലിൽ ചേർപ്പിൽ ഉണ്ടായിരുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ തിയ്യതിക്കുതന്നെ ഉണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: തൽക്കാലത്തേക്കു നിറുത്തിവെച്ചിരിക്കയായിരുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ആ വിദഗ്ദ്ധന്റെ പ്രവർത്തനം എത്രകാലത്തേക്കുണ്ടായിരുന്നു?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ പ്രവർത്തനം എന്നു തുടങ്ങി എന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് ഇപ്പോൾ നിറുത്തലാക്കീട്ടുണ്ടു്. കൂടുതൽ വിവരങ്ങൾക്കു നോട്ടീസ്സു വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: അദ്ദേഹം എത്ര കടലാസ്സു് ഉണ്ടാക്കിയിരുന്നു?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിന്റെ ഡിറെയിൽസൊക്കെ തരുവാൻ ഇപ്പോൾ പ്രയാസമാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ കടലാസ്സു് നിർമ്മാണം അത്ര നല്ലതായിരുന്നില്ലെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിനൊക്കെ മറുപടി പറയുവാൻ പ്രയാസമാണു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ വിദഗ്ദ്ധൻ അദ്ദേഹത്തിന്റെ പഴയ പണിക്കു പോയോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതു നിറുത്തലാക്കിയതിനുശേഷം പഴയ പണിക്കു പോയി.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ വിദഗ്ദ്ധൻ ഈ വിഷയത്തിൽ ആക്കെങ്കിലും പരിശീലനം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: കടലാസ്സു് നിർമ്മാണം പ്രായോഗികമല്ല എന്നു് ഇതുകൊണ്ടു ഗവർമ്മെണ്ടു മനസ്സിലാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രായോഗികമല്ലെന്നു ഗവർമ്മെണ്ടു കരുതുന്നില്ല.

മിസ്റ്റർ ജോസ്സ് കെ. വറുഗീസ്സ്: ഗവർമ്മെണ്ടു കൺട്രോൾ ചെയ്യുന്ന കടലാസ്സു് റീമിനു് എന്താണു് വില?

മിസ്റ്റർ പറമ്പി ലോനപ്പൻ: ക ാ ഉറുപ്പിക.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഈ എക്യുപ്പ്മെൻറ് ഉള്ള ആൾക്കു് ശരിയായ കടലാസ്സു് നിർമ്മിക്കുവാൻ സാധിക്കുമെന്നു തോന്നുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പ്രയാസമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഈ മെഷിനറി എന്തുചെയ്യുവാൻ പോകുന്നു?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിവൃത്തിയുണ്ടെങ്കിൽ വിൽക്കും.

മിസ്റ്റർ എ. ഈച്ചരമേനോൻ: സഹകായ്മമായ ആവശ്യത്തിനു് ചോദിച്ചാൽ വെറുതെ കൊടുക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: വെറുതെ കൊടുക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതു് ചേർപ്പിലേക്കു മാറ്റുവാനുദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാറ്റുവാനാണു് ഉദ്ദേശം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: വാർദ്ധ്യായിൽ പോയി പരിശീലനം കഴിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെ നിയമിച്ചു് ആറു മാസത്തെ പരിശീലനം നടത്താമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാം.

മിസ്റ്റർ എം. കെ. രാജാ: ഈ പദ്ധതിക്കു് ഏ, സ്ക്രൂക. ക ാണ. സ്കൂപ. ചിലവായി എന്നു പറഞ്ഞിട്ടുണ്ടു്. ക ാ ാ റീംസ് കടലാസ്സ് നിർമ്മിച്ചതായും കാണുന്നുണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മരു റീമിന് ഫ 0കെ. വീതം വില കണക്കാക്കുമ്പോൾ ആയിരം ഉറപ്പിക്കയല്ലേ ചിലവു വരി കയുള്ളൂ? ആ ഇനത്തിലേക്കു ആയിരം ഉറപ്പിക്കയും, മറവ ചിലവുകൾക്ക് ഫ, ൫൦൦ ഉറപ്പി കയും കഴിച്ചാൽ ബാക്കിയുള്ള ചിലവ് എന്താണെന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെ സംബന്ധിച്ചു അനവധി ഡീറെയിൽസുണ്ട്. അതു ഞാനിവിടെ വായിക്കാം.

Establishment	..	Rs. 1,740.
Cost of equipments	..	,, 2,484 and odd.
Amounts spent on temporary sheds	..	,, 821.
House rent paid	..	,, 841.
Charges incurred to transport old records	..	,, 123.
Wages paid to workers	..	,, 922.
Miscellaneous	..	,, 592.
T. A. given to expert?	..	,, 91."

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know what the figure for equipment.

Mr. Parambi Lonappen *(Minister for Rural Development):* Rs. 2,484—7—0.

മിസ്റ്റർ പി. നാരായണമേനോൻ: മറവള്ളവക്കു പ്രോത്സാഹനവും പരിശീലനവും നൽകുന്നതിനുവേണ്ടിയൊ കച്ചവടാവശ്യത്തിനു് കടലാസ്സ് നിർമ്മിക്കുന്നതിനു് വേണ്ടിയൊ ആളെ നിയമിച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: കച്ചവടാവശ്യത്തിനല്ല, മറവള്ളവക്കു് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനാണു്. അതായിരുന്നു ഉദ്ദേശം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇപ്പോഴും ആ റാ മെറ്റീരിയൽസ് അവിടെ സ്റ്റാക്കുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മിക്കവാറും അവിടെയുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ ആളെ കടലാസ്സുണ്ടാക്കുവാൻ നിശ്ചയിച്ചകാലത്തു് കടലാസ്സിനു് വളരെ സ്റ്റേയേഴ്സിറ്റി ഉണ്ടായിരുന്നുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്നുണ്ടായിരുന്നു.

മിസ്റ്റർ പി. മാണി: എത്ര ആളുകൾക്കു ട്രെയിനിംഗ് കൊടുത്തിട്ടുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആർക്കും ട്രെയിനിംഗ് കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതു് മാറവന്ന കാര്യത്തിൽ വേണ്ടതു ചെയ്യാമെന്നു പറഞ്ഞുവല്ലോ.....

മിസ്റ്റർ പറമ്പി ലോനപ്പൻ: ചെയ്യാമെന്നു പറഞ്ഞില്ല, ആലോചിക്കാമെന്നേ പറഞ്ഞുള്ളൂ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: മാറവാനാണു് ഉദ്ദേശം എന്നല്ലേ പറഞ്ഞതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി ആലോചിച്ചു കഴിഞ്ഞിട്ടില്ല. താമസിക്കാതെ ചെയ്യും.

D. C. CO-OPERATIVE SOCIETIES

169. Mrs. Dakshayani Velayudhan *(Nominated):* Will Government be pleased to state.—

(*a*) the number of Depressed Class Co-operative Credit and Non-credit Societies; and
(*b*) the number of Depressed Class Societies that were liquidated in the year 1120?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Credit Societies 24; Non-credit 2.
(*b*) One.

മിസ്സിസ്സ് ദാക്ഷായണി വേലായുധൻ: ഫ നാൺ ക്രെഡിറ്റ സൊസൈറ്റീസ് ഉള്ളതു് എതെല്ലാം സ്ഥലങ്ങളിലാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ. ലോകമലേശ്വരത്തും, മറൊന്നു വിലങ്ങൻ ഹിൽസിലുമാണു്.

LIBRARY ARCHIVES Kerala Legislative Assembly